"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഫിഷർമാൻ-കം-വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ മരണപ്പെട്ട മോഹനൻ കെ-യുടെ ആശ്രിതനും മകനുമായ ശ്രീ.വിവേക് മോഹൻ.എ.വി-ക്ക് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.15/2026/F&P തീയതി,തിരുവനന്തപുരം, 09-05-2026

---

പരാമർശം:-

1. സ.ഉ.(പി) നം. 12/1999/ഉ.ഭ.പ.വ. തീയതി 24/05/1999.
2. ശ്രീ.വിവേക് മോഹൻ.എ.വി യുടെ 26/04/2022 ലെ അപേക്ഷ.
3. 01/06/2023-ലെ സ.ഉ.(കൈ) നം. 12/2023/മ.തു.വ.
4. 29/03/2025-ലെ സ.ഉ.(പി) നം. 4/2025/ഉ.ഭ.പ.വ.
5. ശ്രീ.വിവേക് മോഹൻ.എ.വി. 01.06.2023-ന് ഫിഷറീസ് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ.
6. സ.ഉ.(കൈ) നം. 14/2025/മ.തു.വ. തീയതി 15/06/2025
7. പൊതുഭരണ സർവീസസ് (ഡി) വകുപ്പിൽ നിന്നുള്ള 26/02/2026 ലെ എസ്.ഡി.3/19/2026-ജി.എ.ഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.വിവേക് മോഹൻ.എ.വിയ്ക്ക് സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. എന്നാൽ നിലവിലെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ വിവേക് മോഹൻ.എ.വിയുടെ സീനിയോറിറ്റി 4 ആണെന്നും ആയതിനാൽ നിയമനം ലഭിക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുമെന്നതിനാൽ നിലവിലെ എൽ.ഡിക്ലാർക്ക് തസ്തികയിൽ നിന്നും പേര് റദ്ദ് ചെയ്തു സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്ക് തസ്തിക മാറ്റം അനുവദിച്ചു തരണമെന്ന് പരാമർശം (5) പ്രകാരം ശ്രീ.വിവേക് മോഹൻ.എ.വി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. തുടർന്ന് ശ്രീ.വിവേക് മോഹൻ.എ.വി , സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിയമനത്തിന് യോഗ്യനാണോ എന്നത് സംബന്ധിച്ച് നികുതി വകുപ്പിന്റെ

അഭിപ്രായം ആരായുകയും ശ്രീ.വിവേക് മോഹൻ.എ.വി യുടെ അപേക്ഷ പരിഗണിച്ചതിൽ ടിയാൻ ശാരീരികമായും വിദ്യാഭ്യാസപരമായും യോഗ്യനാണെന്ന് എക്സൈസ് കമ്മിഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം നികതി വകപ്പ് അറിയിക്കുകയുണ്ടായി. തുടർന്ന് ശ്രീ.വിവേക് മോഹൻ.എ.വി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയ നിയമന ഉത്തരവ് പരാമർശം (6) പ്രകാരം റദ്ദ് ചെയ്യുകയും ടിയാനെ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്ക് പരിഗണിക്കുന്നതിലേക്കായി പരാമർശം (4) ഉത്തരവിലെ പ്രൊഫോർമ-ബി , പൊതുഭരണ സർവീസസ് (ഡി) വകുപ്പിന് കൈമാറുകയും ചെയ്യുകയുണ്ടായി.

4. ശ്രീ.വിവേക് മോഹൻ.എ.വി-ക്ക് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുവാൻ പരാമർശം (7) ലെ കത്ത് പ്രകാരം നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഫിഷർമാൻ-കം-വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ മരണപ്പെട്ട മോഹനൻ കെ-യുടെ ആശ്രിതനും മകനുമായ ശ്രീ.വിവേക് മോഹൻ.എ.വി-ക്ക് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) തസ്തികയിൽ നിയമിക്കുന്നതിന് നിലവിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും, പരാമർശം (7) ലെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. ശ്രീ.വിവേക് മോഹൻ.എ.വി -യ്ക്ക് നിലവിലെ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് എക്സൈസ് കമ്മീഷണർ നിയമന ഉത്തരവ് നൽകേണ്ടതും ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി സർക്കാരിനെ അറിയിക്കേണ്ടതുമാണ്. അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സലുകൾ എക്സൈസ് കമ്മീഷണർ/ നിയമനാധികാരി ടിയാന് നിയമനം നൽകുന്നതിന് മുൻപായി പരിശോധിക്കേണ്ടതാണ്. അപേക്ഷകന് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ പരേതനായ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിലേക്കായി ഫിഷറീസ് ഡയറക്ടർക്ക് കൈമാറേണ്ടതും ഫിഷറീസ് ഡയറക്ടർ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. ഈ പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയപ്പോഴോ അപേക്ഷകൻ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ ഏതെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ ചെയ്തിട്ടുണ്ടെന്നു ഭാവിയിൽ ബോധ്യപ്പെട്ടാൽ ടിയാന്റെ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ , തിരുവനന്തപുരം

ജില്ലാ കളക്ടർ , കാസർഗോഡ്
ശ്രീ.വിവേക് മോഹൻ.എ.വി, കുരിക്കൾ ഹാസ്, പരപ്പ, പരപ്പ.പി.ഒ കാസർഗോഡ്
പൊതുഭരണ സർവീസ് (ഡി) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം ( e-282125-A1/134/2024-F&PD)

ഉത്തരവിൻ പ്രകാരം
Signed by
Aswathy M L
സെക്ഷൻ ഓഫീസർ
Date: 11-05-2026 14:50:39